പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2023 05.10.2016 -ൽ മറുപടിക്ക്

## എംപ്ലോയിബിലിറ്റി സെന്ററുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.അടൂർ പ്രകാശ്**<br>**ശ്രീ.വി.എസ്.ശിവകുമാർ**<br>**ശ്രീ.എം.വിൻസെന്റ്**<br>**ശ്രീ.എൽദോസ് കുന്നപ്പിള്ളി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** | |
| **എ)** | സംസ്ഥാനത്ത് എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ടോ ; വിശദമാക്കുമോ ; | **എ)** | ഉണ്ട്. കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ എന്നീ ഏഴ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. |
| **ബി)** | എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സെന്ററുകളിൽ നടക്കുന്നതെന്ന് വിവരിക്കുമോ ; | **ബി)** | എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും, തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്പ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകളും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനവും വർദ്ധിപ്പിക്കുന്നതിനും പരിശീലനം നൽകി വരുന്നു. എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേന പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം നേടിയ ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിൽ അവസരം ലഭ്യമാക്കുന്നതിനായി തൊഴിൽദാതാക്കളുമായി നേരിട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്. |

| | |
|---|---|
| സി) തൊഴിലന്വേഷകരുടെ അഭിരുചി തിരിച്ചറിഞ്ഞ് കൗൺസിലിങ്ങും പരിശീലനവും നൽകി തൊഴിൽ ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് സെന്ററുകളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ? | സി) കേരളത്തിനകത്തും പുറത്തുമുള്ള സ്വകാര്യ മേഖലയിലെ തൊഴിൽ അവസരങ്ങൾ തൊഴിലന്വേഷകർക്ക് ലഭ്യമാക്കുവാനായി തൊഴിൽദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും എംപ്ലോയബിലിറ്റി സെന്ററിനകത്തും പുറത്തുമായി ചെറുതും വലുതുമായ തൊഴിൽ മേളകൾ സംഘടിപ്പിച്ചും അവർക്ക് തൊഴിൽ ഉറപ്പാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ